# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം.

*(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)*

*(ഹാജർ : എൻ. പത്മകുമാർ, ഐ.എ.എസ്)*

**നം. എൽ.ആർ.എൻ.2- 18497/2011** തീയതി : 24-06-2017

വിഷയം :- ജീവനക്കാര്യം - ലാൻഡ് റവന്യൂ വകുപ്പ് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - റേഷ്യോ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :-
1. ജി.ഒ.(പി) 145/2006 ഫിൻ തീയതി 25-03-2006
2. 27-04-2015, 30-07-2015, 01-10-2015 തീയതികളിലെ ഇതേ നമ്പർ നടപടിക്രമം.
3. എൽ.ആർ. (റ്റി)5- 18529/14 തീയതി 16-05-2017 നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം ലാൻഡ് റവന്യൂ വകുപ്പ്തലത്തിലാക്കുകയും തസ്തികാനുപാതം 1 : 1 : 1 : 1 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്. സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 31-03-2015, 31-05-2015, 30-09-2015 തീയതികളിൽ ഉണ്ടായ വിരമിക്കൽ ഒഴിവിന്റെ അടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - സീനിയർ ഗ്രേഡ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - I തസ്തികകളിൽ നിന്നും സൂചന (2) പ്രകാരം തസ്തികാനുപാത സ്ഥാനക്കയറ്റം നൽകിയിരുന്നെങ്കിലും സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - ഗ്രേഡ് - II - ൽ നിന്നും അനുപാത സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. സൂചന (3) അന്തിമ സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ 30-09-2015 വരെയുള്ള വിരമിക്കൽ ഒഴിവുകൾ തസ്തികാനുപാതം ക്രമപ്പെടുത്തി സൂചന (3) അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഏറ്റവും സീനിയറായിട്ടുള്ള ചുവടെ പറയുന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - II ഉദ്യോഗസ്ഥർക്ക് ടി ഉദ്യോഗസ്ഥരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ 27800-59400 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - I ആയി സ്ഥാനക്കയറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര് | റാങ്ക് നമ്പർ | സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യത്തീയതി | ജില്ല. |
|---|---|---|---|---|
| 1. | റിനി ജോസ് | 89 | 01-04-2015 | മലപ്പുറം |
| 2 | സുകുമാരി. എം. എസ്. | 90 | 01-06-2015 | കോട്ടയം |
| 3 | രേഖ. റ്റി. എ. | 91 | 01-10-2015 | കോഴിക്കോട്. |

ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ മേൽപറഞ്ഞ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് അനുവദിച്ച തീയതിയിലുള്ള സ്ഥാനക്കയറ്റം നൽകി വിവരം ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്

*(ഒപ്പ്)*

*ജോയിന്റ് കമ്മീഷണർ*

*ബന്ധപ്പെട്ട വ്യക്തികൾക്ക് (ജില്ലാ കളക്ടർ മുഖാന്തിരം)*

**പകർപ്പ് :**
1. ജില്ലാ കളക്ടർ, മലപ്പുറം, കോട്ടയം, കോഴിക്കോട്.
2. കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി.എ യ്ക്ക്
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

T5